പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.257 | 09.07.2015 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണ വിലയും സ്വകാര്യ മില്ലുകളുടെ ചൂഷണവും

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിന്റെ വില എത്രയായാണ് നിശ്ചയിച്ചിട്ടുള്ളത്; ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമാണ് എന്ന് വ്യക്തമാക്കാമോ; | (എ) സപ്ലൈകോ നിലവിൽ ഒരു കിലോഗ്രാം നെല്ലിന് 19/- രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. ഇതിൽ 13.60 രൂപ കേന്ദ്ര വിഹിതവും (MSP), 5.40 രൂപ സംസ്ഥാന വിഹിതവുമാണ് (SIB). |
| (ബി) കഴിഞ്ഞ മൂന്നുവർഷം സംസ്ഥാനത്ത് ആകെ എത്ര നെല്ല് സംഭരിച്ചു എന്ന വിവരം ലഭ്യമാണോ; വിശദമാക്കാമോ; സംഭരിച്ച നെല്ലിന്റെ കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | (ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിലായി സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>2012 - 13 - 358464.244 MT<br>2013 – 14 - 535583.842 MT<br>2014 – 15 - 550055.526 MT<br>2014-15 സീസണിൽ സംഭരിച്ച നെല്ലിന്റെ തുക നൽകി കഴിഞ്ഞു. |
| (സി) സർക്കാർ സംഭരണ വിലയിൽ വരുത്തിയ കുറവ് കാരണം കർഷകർ സ്വകാര്യ മില്ലുകളുടെ കൊടിയ ചൂഷണത്തിന് വിധേയമാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു മൂലം നിലവിൽ ശുഷ്കമായിക്കൊണ്ടിരിക്കുന്ന നെൽകൃഷി കൂടി ക്രമേണ ഇല്ലാതാകുമെന്ന കാര്യം അറിവുള്ളതാണോ; | (സി) സംഭരണ വിലയിൽ കുറവു വരുത്തിയിട്ടില്ല. സപ്ലൈകോ വഴി നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്ത കർഷകർ സ്വകാര്യ മില്ലുകളുടെ ചൂഷണത്തിന് വിധേയരാകുന്നില്ല. രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലയാണ് കേരളത്തിൽ നൽകുന്നത്. |
| (ഡി) സംഭരണസമയത്തു തന്നെ കർഷകർക്ക് നെല്ലിന്റെ വില ലഭിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതി എന്തായിരുന്നു; ഇത് നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം എന്തെന്ന് അറിയിക്കാമോ? | (ഡി) സംഭരണസമയത്തു തന്നെ കർഷകർക്ക് നെല്ലിന്റെ വില ലഭ്യമാക്കുന്നതിന് സർക്കാർ PRS (പാഡി റസീറ്റ് ഷീറ്റ്) ലോൺ എന്ന പദ്ധതി ആവിഷ്കരിച്ചു. ഇതിനാവശ്യമായ തുക സപ്ലൈകോ ബാങ്കുകളിൽ നിന്ന് കടമെടുക്കുന്നു. ഇതനുസരിച്ച് കർഷകർക്ക് ലഭിക്കേണ്ട തുക അതാതു ജില്ലയിലെ പാഡി പെയ്മെന്റ് ഓഫീസർ പാസ്സാക്കി നൽകുന്ന മുറയ്ക്ക്, കാനറാ ബാങ്ക്, |

ബാങ്ക് ഓഫ് ഇന്ത്യ, തൃശ്ശൂർ, പാലക്കാട് ജില്ലാ സഹകരണ ബാങ്ക് എന്നിവ മുഖേന കർഷകർക്ക് നെല്ലിന്റെ വില ലഭ്യമാക്കുകയും അതിന്റെ പലിശ സപ്ലൈകോ വഹിക്കുന്നതു മാണ്. മേൽപ്പറഞ്ഞ പദ്ധതി നടപ്പിലാക്കുന്നത് സപ്ലൈകോയുടെ അനുവദനീയമായ ലോൺ പരിധിയിൽ നിന്നുകൊണ്ടാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

Beena

സെക്ഷൻ ഓഫീസർ